ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) :

(എ) പരമ്പരാഗത ശൈലിയിൽ നിർമ്മിച്ചിട്ടുള്ളതും നിലവാരമുള്ളതുമായ താമസസൗകര്യം ടൂറിസ്റ്റുകൾക്ക് ലഭ്യമാക്കുന്നതിനായി സ്വകാര്യ സംരംഭകർക്ക് അവസരം നൽകുന്നതിന് വേണ്ടി തയ്യാറാക്കിയ പദ്ധതിയായ സർവ്വീസ്ഡ് വില്ല വിനോദസഞ്ചാര വകുപ്പ് ആരംഭിച്ചിട്ടുണ്ട്.

(ബി) മാനദണ്ഡങ്ങൾക്കനുസരിച്ച് അംഗീകാരം കൊടുക്കുന്ന 'സർവ്വീസ്ഡ് വില്ല'കളെക്കുറിച്ചുള്ള വിവരങ്ങൾ വിനോദസഞ്ചാര വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റ്, ബ്രോഷർ എന്നിവയിൽ ഉൾപ്പെടുത്തുന്നതാണ്. കൂടാതെ വിനോദസഞ്ചാര വകുപ്പ് വിദേശത്തും മറ്റ് സംസ്ഥാനങ്ങളിലും സംഘടിപ്പിക്കുന്ന റോഡ് ഷോകളിലും, പാർട്നർഷിപ്പ് മീറ്റുകളിലും സംരംഭകർക്ക് അവരുടെ വില്ലകളെ പ്രചരിപ്പിക്കുന്നതിന് അവസരം നൽകുന്നതാണ്.

(സി) ടൂറിസം വകുപ്പ് നിലവിൽ ഈ പദ്ധതിക്ക് സാമ്പത്തിക സഹായം ലഭ്യമാക്കുന്നില്ല.

(ഡി) ടൂറിസം വകുപ്പ് സംഘടിപ്പിക്കുന്ന റോഡ് ഷോകൾ, പാർട്ണർഷിപ് മീറ്റുകൾ എന്നിവയിലൂടെയും ടൂറിസം വകുപ്പ് പങ്കെടുക്കുന്ന ടൂറിസം ഫെയറുകളിലൂടേയും സർവീസ്ഡ് വില്ലകൾക്ക് വേണ്ടത്ര പ്രചാരണം നൽകി സേവന ദാതാക്കളുടെ മികവ് വർദ്ധിപ്പിക്കുന്നതാണ്.

എന്റെ ഗ്രാമം ടൂറിസം സൗഹൃദ ഗ്രാമം പദ്ധതി

11(*491) ശ്രീമതി കെ. എസ്. സലീഖ :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. കെ. സി. രാജഗോപാലൻ :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'എന്റെ ഗ്രാമം ടൂറിസം സൗഹൃദ ഗ്രാമം' പദ്ധതിയുടെ വിശദാംശം നൽകുമോ ;

(ബി) ഈ പദ്ധതി പ്രകാരം എന്തെല്ലാം പ്രോജക്ടുകൾക്കാണ് അംഗീകാരം നൽകുന്നത് ;

(സി) പ്രോജക്ടുകൾക്ക് അനുമതി നൽകുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ് ;

(ഡി) ഇതിനകം എത്ര ഗ്രാമപഞ്ചായത്തുകളുടെ പദ്ധതികൾ ടൂറിസം വകുപ്പിന് ലഭിച്ചിട്ടുണ്ട് ; അതിൽ എത്രയെണ്ണത്തിന് അംഗീകാരം നൽകിയെന്ന് വ്യക്തമാക്കുമോ ;

(ഇ) പദ്ധതി നടപ്പാക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് ലഭിക്കുന്ന സഹായങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) :

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഗ്രാമങ്ങളിൽ ടൂറിസം സാധ്യതയുള്ള പ്രദേശങ്ങളുടേയും പുതിയ ടൂറിസം ഉല്പന്നങ്ങളുടേയും വികസനവും അതുവഴി പ്രസ്തുത ഗ്രാമങ്ങളിൽ ടൂറിസം സൗഹൃദാന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യത്തോടെ ആവിഷ്ക്കരിച്ചിട്ടുള്ളതാണ് 'എന്റെ ഗ്രാമം ടൂറിസം സൗഹൃദ ഗ്രാമം പദ്ധതി'. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി തയ്യാറാക്കി ജില്ലാ പ്ലാനിംഗ് കമ്മിറ്റിയുടെ അംഗീകാരത്തോടെ ടൂറിസം വകുപ്പിൽ സമർപ്പിക്കുകയും ആയത് പരിശോധിച്ച് അനുയോജ്യമായവയ്ക്ക് അംഗീകാരം നൽകുകയും ചെയ്യുന്നു. അംഗീകരിക്കുന്ന പദ്ധതിക്ക്, പദ്ധതി തുകയുടെ 50% അല്ലെങ്കിൽ പരമാവധി 10 ലക്ഷം രൂപ നൽകുകയും ചെയ്യുന്നു.

(ബി) ഗ്രാമീണ മേഖലയിലെ ടൂറിസ്റ്റ് ആകർഷണ കേന്ദ്രമാക്കാൻ സാധ്യതയുള്ള പ്രദേശത്തിന്റെ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്ന പദ്ധതികൾ, വില്ലേജ് സ്കയർ വികസന പദ്ധതികൾ, ട്രക്കിംഗ്/മലകയറ്റം പദ്ധതികൾ, പൈതൃക സംരക്ഷണ പ്രവർത്തനങ്ങൾ, പുതിയ ടൂറിസം ഉല്പന്നങ്ങൾ അവതരിപ്പിക്കുന്ന പദ്ധതികൾ എന്നിവയ്ക്കാണ് അംഗീകാരം നൽകി വരുന്നത്.

(സി) പുതിയ ഡെസ്റ്റിനേഷനാകാൻ സാധ്യതയുള്ളവ, നിലവിലുള്ള ടൂറിസം സർക്യൂട്ടുമായി ബന്ധമുള്ള സ്ഥലങ്ങൾ, പൈതൃക സംരക്ഷണം, പ്രകൃതി സംരക്ഷണം എന്നിവ ലക്ഷ്യമിടുന്ന പദ്ധതികൾ, പുതിയ തൊഴിൽ വസരം സൃഷ്ടിക്കുന്നവ, പരമ്പരാഗത വ്യവസായം, കൃഷി എന്നിവയുമായി ബന്ധപ്പെട്ടതുമായ പദ്ധതികൾക്കാണ് അനുമതി നൽകിവരുന്നത്.

(ഡി) ഇടുക്കി ജില്ലയിലെ പെരുവന്താനം, തൃശ്ശൂർ ജില്ലയിലെ നെൻമണിക്കര, കൊല്ലം ജില്ലയിലെ കല്ലുവാതുക്കൽ എന്നീ ഗ്രാമ പഞ്ചായത്തുകളുടെ പദ്ധതികൾ ടൂറിസം വകുപ്പിന് ലഭിക്കുകയും ആയതിന് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്.

(ഇ) പഞ്ചായത്തുകൾ രൂപീകരിക്കുന്ന പദ്ധതിക്ക് പദ്ധതി തുകയുടെ 50% അല്ലെങ്കിൽ പരമാവധി 10 ലക്ഷം രൂപ നൽകി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly